പതിമൂന്നാം കേരള നിയമസഭ
ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ –1506 14.12.2012- ൽ മറുപടിക്ക്

## യു. എ. ഇ. യിലുള്ള മലയാളികളെ നാട്ടിലെത്തിക്കുന്നതിനുള്ള നടപടികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. സി. പി. മുഹമ്മദ്<br>ശ്രീ. പാലോട് രവി<br>ശ്രീ. സണ്ണി ജോസഫ് | ശ്രീ. കെ. സി. ജോസഫ്<br>*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും പ്രവാസികേരളീയകാര്യവും വകുപ്പ് മന്ത്രി)* |
| (എ) യു. എ. ഇ. യിൽ വിസ പ്രശ്നത്തിൽ പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുള്ള സാഹചര്യത്തിൽ അതുമായി ബന്ധപ്പെട്ട മലയാളികളെ നാട്ടിലെത്തിക്കാൻ എന്തെല്ലാം നടപടികൾ കൈക്കൊണ്ടിട്ടുണ്ട്; | (എ) യു. എ. ഇ. യിൽ അനധികൃതമായി താമസിക്കുന്ന വിദേശികൾക്ക് നിയമപരമായി രാജ്യംവിടാൻ അവസരം നൽകുന്നതിനായി പൊതുമാപ്പ് പ്രഖ്യാപിച്ചിട്ടുണ്ട്. ഇതുമായി ബന്ധപ്പെട്ട് മലയാളികൾക്ക് എല്ലാതരത്തിലുള്ള സേവനങ്ങളും സഹായവും നൽകുന്നതിനായി യു. എ. ഇ. യിലെ ഇന്ത്യൻ അംബാസിഡർക്കും കേന്ദ്രവിദേശകാര്യമന്ത്രാലയം, കേന്ദ്ര പ്രവാസികാര്യമന്ത്രാലയം എന്നിവയ്ക്കും വിശദമായ അടിയന്തിര സന്ദേശം അയച്ചിട്ടുണ്ട്. |
| (ബി) ഏത് ഏജൻസിയുടെ മേൽനോട്ടത്തിലാണ് ഇതിനുള്ള പ്രവർത്തനങ്ങൾ നടത്തുന്നത്; | (ബി) യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുടെ നിയന്ത്രണത്തിലും മേൽനോട്ടത്തിലും ബി.എൽ .സി ഏജൻസിയുടെ 14 ഓഫീസുകൾ യു. എ. ഇ. യിൽ വിവിധ ഇടങ്ങളിൽ തുറന്ന് ആവശ്യമായ ഉപദേശവും രേഖകളും നൽകിവരുന്നു. |

| | |
|---|---|
| (സി)ഇത് സംബന്ധിച്ച് ആരോടെല്ലാം ചർച്ച നടത്തിയാണ് നടപടികൾ സ്വീകരിക്കുന്നത്; | (സി) ഇത് സംബന്ധിച്ച് യു. എ. ഇ. യിലെ ഇന്ത്യൻ എംബസിയുമായി ചർച്ചകൾ നടത്തുന്നതിനും പ്രവാസി മലയാളികളുടെ തിരിച്ചുവരവ് സുഗമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനുമായി നോർക്ക – റൂട്ട്സ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസറെ ഇന്ത്യൻ നയതന്ത്രകാര്യാലയത്തിലേക്ക് അയച്ച് ചർച്ചകൾ നടത്തുകയുണ്ടായി. |
| (ഡി) മലയാളികളെ മടക്കിക്കൊണ്ടുവരുവാൻവേണ്ട ചെലവ് ആരാണ് വഹിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) പൊതുമാപ്പ് പ്രകാരം തിരികെ വരുന്ന മലയാളികൾക്ക് സൗജന്യമായി വിമാനടിക്കറ്റ് ഇന്ത്യാഗവൺമെന്റ് , എയർ ഇന്ത്യ , പ്രമുഖ വ്യക്തികൾ , സ്ഥാപനങ്ങൾ , സംഘടനകൾ എന്നിവയുമായി ബന്ധപ്പെട്ട് സമാഹരിച്ച് ലഭ്യമാക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ചെലവിന്റെ ഒരു ഭാഗം സംസ്ഥാന ഗവൺമെന്റ് വഹിക്കുന്നതാണ്. ഔട്ട്പാസ്/ പാസ്പോർട്ട് റിന്യൂവൽ ഫീസായ 60 + 9 ദിർഹം വഹിക്കുന്നതിനും സംസ്ഥാന സർക്കാർ തീരുമാനിച്ച് ഉത്തരവ് പുറപ്പെടുവിച്ച് ബന്ധപ്പെട്ട ഓഫീസുകളിലേക്ക് അയച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ